## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

ബി.ടെക്. കോഴ്സ്- സർവ്വകലാശാല നിയന്ത്രണത്തിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ അവകാശനഷ്ടം വന്നതും ഒഴിഞ്ഞു കിടക്കുന്നതുമായ സീറ്റുകളിലേക്ക് എഞ്ചിനീയറിംഗ് വിഷയങ്ങളിലെ ഡിപ്ലോമാധാരികളേയും,മാത്തമാറ്റിക്സും ഫിസിക്സും മുഖ്യവിഷയമായെടുത്ത ബിരുദധാരികളേയും ലാറ്ററൽ എൻട്രി മാർഗ്ഗേണ പ്രവേശനം നൽകുന്ന സമ്പ്രദായം- സർവ്വകലാശാലയിൽ നടപ്പാക്കി ഉത്തരവാകുന്നു.

---

## അക്കാഡമിക് എ 4 വിഭാഗം

**നം.3199/എ4/2017/അക്കാഡമിക്** **തീയതി, പ്രിയദർശിനി ഹിൽസ്:30.05.2017**

---

വായിക്കുക: 1) സർക്കാർ ഉത്തരവ്(എം.എസ്.)നം.531/2015/എച്ച്.ഇഡിഎൻ തീയതി, തിരുവനന്തപുരം:10.08.2015

2) 05.11.2016-ാം തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻെറ മിനിട്ട്സ് ഇനം നം.78/16.09/2420 പ്രകാരമുള്ള തീരുമാനം.

3) 29.04.2017-ാം തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻെറ മിനിട്ട്സ് ഇനം നം.78/16.09/2420 പ്രകാരമുള്ള തീരുമാനം.

## <u>ഉത്തരവ്</u>

മുകളിൽ പരാമർശിച്ചിട്ടുള്ള ഒന്നാം പേപ്പർ പ്രകാരം സർക്കാർ നിയന്ത്രണങ്ങളിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അവകാശനഷ്ടം വന്നതും ഒഴിഞ്ഞു കിടക്കുന്നതുമായ ബി.ടെക്. സീറ്റുകളിലേക്ക് മാത്തമാറ്റിക്സ്/ഫിസിക്സ് മുഖ്യവിഷയമായെടുത്ത ബിരുദധാരികൾ, എഞ്ചിനീയറിംഗ് വിഷയങ്ങളിൽ ഡിപ്ലോമ എടുത്തിട്ടുള്ളവർ എന്നിവർക്ക് ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷൻ നിബന്ധനകളനുസരിച്ചുള്ള ലാറ്ററൽ എൻട്രി മാർഗ്ഗേണ പ്രവേശനമനുവദിച്ച് സർക്കാർ ഉത്തരവിറങ്ങി.

മുകളിൽ പരാമർശിച്ചിട്ടുള്ള രണ്ടാം പേപ്പർ പ്രകാരം ടി സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പാക്കേണ്ടതുണ്ടോയെന്നുള്ള വിഷയം വിശദമായി പഠിക്കുവാൻ സ്റ്റാൻഡിംഗ് കമ്മിറ്റി ഒഫ് ദ സിൻഡിക്കേറ്റ് ഓൺ അക്കാഡമിക് അഫയേഴ്സിനെ ചുമതലപ്പെടുത്തിക്കൊണ്ട് സിൻഡിക്കേറ്റ് തീരുമാനമെടുത്തു.

മുകളിൽ പരാമർശിച്ചിട്ടുള്ള മൂന്നാം പേപ്പർ പ്രകാരം സർക്കാർ ഉത്തരവ് (എം.എസ്.)നം.531/2015/എച്ച്.ഇഡിഎൻ തീയതി, തിരുവനന്തപുരം:10.08.2015 സർവ്വകലാശാലയിൽ പ്രയോഗത്തിൽ വരുത്തുവാൻ സിൻഡിക്കേറ്റ് തീരുമാനമെടുത്തു.

അപ്രകാരം ഉത്തരവാകുന്നു. 2010 മുതൽ പ്രാബല്ല്യത്തിലിരിക്കുന്ന ബി.ടെക് കോഴ്സിൻെറ നിയമാവലി മേൽ വിവരിച്ചപ്രകാരം ഇതിനാൽ ഭാഗികമായി ഭേദഗതിചെയ്യപ്പെട്ടിരിക്കുന്നു.

ഒപ്പ്/-
**ശ്രീരാജ് ആർ**
**അസിസ്റ്റൻറ് രജിസ്ട്രാർ രണ്ട് (അക്കാഡമിക്)**
**രജിസ്ട്രാർക്കു വേണ്ടി**

പകർപ്പുകൾ

1. വി.സി./ പി.വി.സി. എന്നിവരുടെ പി.എസ്- മാർ
2. രജിസ്ട്രാർ/പരീക്ഷാ കണ്ട്രോളർ എന്നിവരുടെ പി.എ- മാർ
3. പ്രിൻസിപ്പാൾ, യു.സി.ഇ.ടി., തൊടുപുഴ
4. അംഗങ്ങൾ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ എഞ്ചിനീയറിംഗ് (യു.ജി.)
5. ഡീൻ, ഫാക്കൾട്ടി ഓഫ് എഞ്ചിനീയറിംഗ്
6. ഏ.ആർ./ഡി.ആർ./ജെ.ആർ., അക്കാഡമിക്/പരീക്ഷാ വിഭാഗങ്ങൾ
7. ബി.ടെക്ക്/ബി.എസ്.സി( മാത്സ്, ഫിസിക്സ്)[സി.ബി.സി.എസ്.എസ്] ടാബുലേഷൻ വിഭാഗങ്ങൾ
8. എസ്.എഫ്. മൂന്ന് വിഭാഗം
9. കണ്ടൻറ് മാനേജ്മെൻറ് വിഭാഗം
10. ഏ.സി.ഏ അഞ്ച്/ഏസിഏ എട്ട്/ഏസിഏ ഒമ്പത് /ഏസിസി വിഭാഗങ്ങൾ
11. റെക്കോർഡ് സെക്ഷൻ/ഫയൽ പകർപ്പ്/കരുതൽ ഫയൽ

**ഫയൽ നം. 3632/01//ഏസിഏ എട്ട്/15** **ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**